B2-27561/17



# ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ്, തൃത്താല, പാലക്കാട്

പരിശോധനാ കാലയളവ് - 01.07.2015 മുതൽ 31.07.2017 വരെ

പരിശോധനാ തീയതി - 02.08.2017 മുതൽ 05.08.2017 വരെ

പരിശോധനാ വിഭാഗം - ഫിൻ. ഡി സെക്ഷൻ

സീനിയർ സൂപ്രണ്ട് - സുനിൽ. ജി

സീനിയർ ക്ലാർക്ക് - നിധീഷ്. എം.എ

## പരിശോധനാ കാലയളവിൽ ചാർജ്ജ് വഹിച്ചിരുന്ന ഓഫീസർമാർ

| ക്രമ നം | കാലയളവ് | പട്ടികജാതി വികസന ആഫീസർമാർ |
|---|---|---|
| 1 | 17.07.2015 വരെ | മണികണ്ഠൻ. കെ |
| 2 | 17.07.2015 മുതൽ 17.08.2015 വരെ | ജെ. രാജഗോപാൽ(ഇൻചാർജ്ജ്) |
| 3 | 17.08.2015 മുതൽ 09.09.2015 വരെ | ദീപ. വി.എസ് |
| 4 | 09.09.2015 മുതൽ 06.10.2015 വരെ | ഗോപാലകൃഷ്ണൻ. കെ.പി(ഇൻചാർജ്ജ്) |
| 5 | 06.10.2015 മുതൽ 30.07.2016 വരെ | ദീപ. വി.എസ് |
| 6 | 01.08.2016 മുതൽ 12.08.2016 വരെ | രാജഗോപാൽ. കെ(ഇൻചാർജ്ജ്) |
| 7 | 12.08.2016 മുതൽ 22.12.2016 വരെ | ലാസർ. വി.എ |
| 8 | 22.12.2016 മുതൽ തുടരുന്നു | ജോസഫ് ജോർജ്ജ് |

## ഭാഗം I

### ആമുഖം

### മുൻ ആഡിറ്റ് സംബന്ധിച്ച്

എ) **വകുപ്പുതല പരിശോധന**

1.4.2014 മുതൽ 31.06.2015 വരെയുള്ള വകുപ്പുതല പരിശോധനാ റിപ്പോർട്ടിനുള്ള പ്രാഥമിക മറുപടി 23.02.2016 ന് നൽകിയതായി കാണുന്നു. എത്രയും വേഗം മറുപടി അംഗീകരിച്ച് ലഭ്യമാക്കി ഫയൽ തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

### അക്കൗണ്ടന്റ് ജനറലിന്റെ പരിശോധന

1.4.2016 മുതൽ 31.3.2017 വരെയുള്ള കണക്കുകളുടെ പരിശോധനാ റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. എന്നാൽ ആയതിനുള്ള പ്രാഥമിക മറുപടി പോലും നൽകിയിട്ടില്ല.

യിട്ടുള്ളതായി കാണുന്നു. എന്നാൽ ട്രഷറി ഓഫീസറെക്കൊണ്ട് യഥാസമയം തിരുത്തിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ടി ബിൽ പ്രകാരം അധികമായി തുക മാറിയിട്ടില്ലെന്ന ട്രഷറി ഓഫീസറുടെ സാക്ഷ്യപത്രം ലഭ്യമാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. ഇക്കാര്യത്തിൽ വ്യക്തമായ വിശദീകരണം നൽകേണ്ടതുമാണ്.

ഇ. ബിൽ നമ്പർ സി.ബി 155/16, തീയതി. 30.03.2017 പ്രകാരം മാറിയ 5,22,500/- രൂപ ക്യാഷ്ബുക്കിൽ വരവ് വച്ചു കാണുന്നില്ല. വിശദീകരണം നൽകേണ്ടതാണ്.

എഫ്. ബിൽ നമ്പർ 37/15 തീയതി. 1.2.2016 പ്രകാരം 54,693/- രൂപ മാറിയതായി കാണുന്നു. എന്നാൽ ക്യാഷ്ബുക്കിൽ 54,694/- രൂപ വരവ് കാണിച്ചിരിക്കുന്നു. അതായത് 1/- രൂപ അധികമായി ചേർത്തിരിക്കുന്നു. ഇപ്രകാരം തുകയിൽ വ്യത്യാസം വരുവാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

2. <u>റ്റി.ആർ-5 രസീത് / സ്റ്റോക്ക് ബുക്ക്</u>

എ. പഴയ രീതിയിലുള്ള റ്റി.ആർ-5 രസീതുകൾ ക്യാൻസൽ ചെയ്ത് സൂക്ഷിച്ചിട്ടുണ്ട് എങ്കിലും സെൻട്രലൈസ്ഡ് നമ്പറിംഗ് സിസ്റ്റം ഉള്ള പുതിയ റ്റി. ആർ-5 രസീതുകൾ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. ആയത് എത്രയും പെട്ടെന്ന് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. G.O (P) 213/13/Fin തീയതി. 9.5.13 പ്രകാരം പഴയ റ്റി.ആർ-5 രസീതുകൾ നശിപ്പിക്കാവുന്നതും പ്രസ്തുത വിവരം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്.

ബി. പരിശോധന കാലയളവിൽ റ്റി.ആർ-5 രസീതുകൾ ഉപയോഗിച്ചിട്ടില്ല.

സി. റ്റി.ആർ.5 സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നുണ്ട് എങ്കിലും പരിശോധനാ കാലയളവിൽ രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല. നിലവിലുള്ള റ്റി.ആർ-5 ക്യാൻസൽ ചെയ്തത് സംബന്ധിക്കുന്ന വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

6. **അക്വിറ്റൻസ് രജിസ്റ്റർ (പി.റ്റി.എസ്)**

എ. നിലവിൽ ബാങ്ക് മുഖേന തുക വിതരണം നടത്തി വരുന്നു. ആയതിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് രജിസ്റ്ററിൽ പതിപ്പിച്ചിട്ടുണ്ട്. മറ്റ് പരാമർശം ഇല്ല.

7. **അക്വിറ്റൻസ് രജിസ്റ്റർ (ചികിത്സാ ധനസഹായം)**

എ. രജിസ്റ്ററിൽ പേജ് നമ്പരിടുകയോ 'Certificate of Count' രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഉദാ : 2016-17 കാലയളവിലെ രജിസ്റ്റർ ന്യൂനത പരിഹരിക്കേണ്ടതാണ്.

ബി. ഒരേ ബിൽ പ്രകാരമുള്ള തുക വ്യത്യസ്ത തീയതികളിൽ വിതരണം ചെയ്യുന്ന സാഹചര്യത്തിൽ തുക വിതരണ സംക്ഷിപ്തം രേഖപ്പെടുത്തി പട്ടിക ജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതാണ് എന്നിരിക്കെ അപ്രകാരം രജിസ്റ്റർ പരിപാലിക്കുന്നതായി കാണുന്നില്ല. അപാകത പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

8. **അക്വിറ്റൻസ് രജിസ്റ്റർ (വിവാഹ ധനസഹായ പദ്ധതി)**

എ) ടി രജിസ്റ്ററിൽ ധനസഹായ വിതരണം വർഷം തിരിച്ച് പ്രത്യേകം രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

ബി) തുക വിതരണം പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തുന്നില്ല.

ഉദാ :- അക്വിറ്റൻസ് രജിസ്റ്റർ പേജ് നമ്പർ 138 മുതൽ 145 വരെ

സി. തുക വിതരണ സംക്ഷിപ്തം രേഖപ്പെടുത്തി രജിസ്റ്റർ പരിപാലിക്കുന്നില്ല.

ഡി) രജിസ്റ്ററിൽ ധനവിനിയോഗ സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനറലിന് അയച്ചു കൊടുത്തതു സംബന്ധിച്ച വിവരം രേഖപ്പെടുത്തി കാണുന്നില്ല.

ഉദാ :- അക്വിറ്റൻസ് രജിസ്റ്റർ പേജ് നമ്പർ 146, 147, 148, 149, 150,151, 161 - ധന വിനിയോഗ സർട്ടിഫിക്കറ്റുകൾ അടിയന്തിരമായി അക്കൗണ്ടന്റ് ജനറലിന് അയച്ചു കൊടുത്തു വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഇ) 7/15/ മുതലുള്ള രജിസ്റ്ററിൽ ആവശ്യമായ എല്ലാ രേഖപ്പെടുത്തലുകളും നടത്തിയിട്ടുള്ളതായി കാണുന്നില്ല. ഉദാഹരണത്തിന് തുക അനുവദിച്ചു കൊണ്ടുള്ള ഉത്തരവ് നമ്പർ, തീയതി, അനുവദിച്ച തുക, എത്ര ഗുണഭോക്താക്കൾക്കായി അനുവദിച്ചു തുടങ്ങിയ യാതൊരു രേഖപ്പെടുത്തലുകളും നടത്തിയിട്ടുള്ളതായി കാണുന്നില്ല. ടി രജിസ്റ്ററിൽ പൂർണ്ണമായി രേഖപ്പെടുത്തലുകൾ വരുത്തി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

രജിസ്റ്ററിൽ പൂർണ്ണമായ രേഖപ്പെടുത്തലുകൾ വരുത്തി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

സി) ബിൽ നമ്പർ 117/16, തീയതി. 31.01.2017 പ്രകാരം ശ്രീ. അനീഷ്. എം, മൂച്ചിക്കൂട്ടത്തിൽ~~ല~~ മല(പി.ഒ), പട്ടിത്തറ എന്നയാൾക്ക് 83,333/- രൂപ മാറി നൽകിയിരിക്കുന്നു. എന്നാൽ ടി വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. വിശദീകരണം നൽകേണ്ടതാണ്.

10. **<u>ഭവന നിർമ്മാണ ധനസഹായ രജിസ്റ്റർ</u>**

എ) രജിസ്റ്ററിൽ പേജ് നമ്പറിട്ട് സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ബി) രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തുന്നില്ല.

സി) ക്ലെയിം അയയ്ക്കുന്നത് രേഖപ്പെടുത്തി പട്ടികജാതി വികസന ഓഫീസർ ഇനീഷ്യൽ ചെയ്തിട്ടില്ല.

ഡി) അയച്ച ക്ലെയിമുകൾ പൂർണ്ണമായും രജിസ്റ്ററിൽ ചേർത്തിട്ടില്ല.

ടി രജിസ്റ്ററിലെ അപാകതകൾ പൂർണ്ണമായി പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതും ഇത്രയും അലക്ഷ്യമായി രജിസ്റ്റർ പരിപാലിക്കുന്നതിന് വ്യക്തമായ വിശദീകരണം നൽകേണ്ടതാണ്.

11. **<u>അക്വിറ്റൻസ് രജിസ്റ്റർ (ലംപ്സംഗ്രാന്റ്)</u>**

എ) തുക വിതരണം പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തുന്നതായി കാണുന്നില്ല.

ബി) 2017-18 ൽ തുക അനുവദിച്ച 67 സ്കൂളുകളിൽ 50 സ്കൂളുകൾ അക്വിറ്റൻസ് ഹാജരാക്കിയിട്ടുണ്ട്. ബാക്കി സ്കൂളുകളിൽ നിന്നും അക്വിറ്റൻസ് ലഭ്യമാക്കിയതായി കാണുന്നില്ല.

സി) 2017-18 വർഷം ലംപ്സംഗ്രാന്റ് രജിസ്റ്റർ പരിപാലിക്കുന്നില്ല. ആയതിനുള്ള സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

12. **<u>ചികിത്സാ ധനസഹായ രജിസ്റ്റർ</u>**

എ) 2016-17 രജിസ്റ്ററിൽ പേജ് നമ്പരിടുകയോ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

ബി) 2017-18 വർഷം ധനസഹായം വിതരണം ചെയ്തു തുടങ്ങിയിട്ടില്ല.

16. അക്വിറ്റൻസ് രജിസ്റ്റർ (വിദേശത്ത് തൊഴിൽ നേടുന്നതിനുള്ള ധനസഹായ പദ്ധതി)

എ) രജിസ്റ്ററിൽ ധനസഹായം വിതരണം ചെയ്ത തീയതി, തുക അനുവദിച്ച ഉത്തരവ് നമ്പർ തീയതി, ആകെ തുക എത്ര ഗുണഭോക്താക്കൾക്കായാണ് അനുവദിച്ചത് തുടങ്ങിയ യാതൊരു രേഖപ്പെടുത്തലുകളും നടത്തിയിട്ടില്ല.

ബി) ഒന്നാം ഗഡു രണ്ടാം ഗഡു എന്നിങ്ങനെ വേർതിരിച്ച് ഓരോ ഗുണഭോക്താവിന്റെ പേരിനും നേരെ രേഖപ്പെടുത്തുന്നില്ല. എന്നാൽ അനുവദിക്കുന്ന തുക പുതിയതായി എഴുതിപ്പോകുന്നു. ഇക്കാരണത്താൽ ഒന്നാം ഗഡു അനുവദിച്ചവർക്ക് രണ്ടാം ഗഡു അനുവദിച്ചിട്ടുണ്ടോ എന്നു മനസ്സിലാക്കാൻ കഴിയുന്നില്ല.

സി) രജിസ്റ്റർ ഓഫീസ് മേധാവി യഥാസമയം പരിശോധിച്ച് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

ടി രജിസ്റ്റർ തികച്ചും നിരുത്തരവാദപരമായി പരിപാലിക്കുന്നു. ആയതിനുള്ള വിശദീകരണം നൽകേണ്ടതാണ്. കൂടാതെ 2015-16 വർഷം മുതലുള്ള എല്ലാ ധനസഹായ വിതരണവും കൃത്യമായി ഒന്നാം ഗഡു രണ്ടാം ഗഡു എന്നിങ്ങനെ തിരിച്ച് രേഖപ്പെടുത്തി സൂക്ഷിക്കുകയും അതോടൊപ്പം 2014 -15 വർഷം ഒന്നാം ഗഡു അനുവദിച്ചവർക്ക് രണ്ടാം ഗഡു അനുവദിച്ചിട്ടുണ്ടെങ്കിൽ ആയതും രജിസ്റ്ററിൽ രേഖപ്പെടുത്തി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## ഭാഗം III

## I. വിവിധ പദ്ധതികൾ

### 1. പ്രീ മെട്രിക് വിദ്യാഭ്യാസം (ലംപ്സംഗ്രാന്റ്)

എ) തൃത്താല ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ് മുഖേന വിവിധ സ്കൂളുകളിലെ അർഹതപ്പെട്ട വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റ് ഇനത്തിൽ 2015-16, 16-17 വർഷം ചെലവഴിച്ച തുക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

സി) സി.ബി-15/16, തീയതി. 25.07.2016 പ്രകാരം ശ്രീ. മണികണ്ഠൻ. കെ.പി, കുന്നത്തുവളപ്പിൽ, പെരിപ്പൂർ, പെരിങ്കുത്തൂർ എന്നയാൾക്ക് ധനസഹായമായി 50,000/- രൂപ അനുവദിച്ചിട്ടുണ്ടെങ്കിലും ടിയാന്റെ ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. പകരം മകളുടെ ജാതി സർട്ടിഫിക്കറ്റ് ആണ് നൽകിയിട്ടുള്ളത്.

ഡി) സി.ബി-134/16, തീയതി. 28.2.17 പ്രകാരം ശ്രീ. വേലായുധൻ. എം.പി, മേഴത്തൂർപറമ്പിൽ, തൃത്താല. പി.ഒ എന്നയാളുടെ സർട്ടിഫിക്കറ്റുകൾ പരിശോധിച്ചതിൽ, ധനസഹായം അനുവദിച്ചിട്ടില്ല എന്ന പഞ്ചായത്തിൽ നിന്നുമുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

ഇ) 2016-17 വർഷം വിവാഹ ധനസഹായം അനുവദിച്ച ശ്രീ. തുപ്രൻ. കെ.പി, കോലത്ത് പറമ്പിൽ, ആനക്കരയുടെ ജാതി സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ല.

ടി പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിസോധിച്ചതിൽ വളരെ അശ്രദ്ധയോടെയും നിരുത്തരവാദപരവുമായാണ് പദ്ധതി നിർവ്വഹണം നടത്തിയിട്ടുള്ളത് എന്ന് കാണുന്നു. മേൽ അപാകതകൾ പരിശോധിച്ച് ചട്ടവിരുദ്ധമായി ധനസഹായം അനുവദിച്ചിട്ടില്ല എന്ന് ഉറപ്പ് വരുത്തി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 4. മിശ്രവിവാഹ ധനസഹായ പദ്ധതി

എ) പാലക്കാട് ജില്ലാ പട്ടികജാതി വികസന ആഫീസറുടെ ജെ-10605/15 തീയതി. 18.12.2015 ഉത്തരവ് പ്രകാരം ശ്രീ. ജിജു. വി.പി, ശ്രീമതി. ശിവരഞ്ജിനി. സി എന്നീ ദമ്പതികൾക്ക് ധനസഹായമായി 50,000/- രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ അപേക്ഷയും രേഖകളും പരിശോധിച്ചതിൽ ടി ദമ്പതികളുടെ വിവാഹം 7.6.12 - ന് നടന്നതായി വിവാഹ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 2.11.15 - ൽ അപേക്ഷ ലഭിച്ചതായി പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. അതായത് 3 വർഷം അധികരിച്ചിരിക്കുന്നു. വിശദീകരണം നൽകേണ്ടതാണ്.

അനുമതി നൽകിയത് ചട്ടവിരുദ്ധമാണെന്ന് കാണുന്നു. വിശദീകരണം നൽകേണ്ടതാണ്.

ഇ) ടി പദ്ധതി പ്രകാരം ശ്രീ. പ്രദീപ്. ടി, S/o. ശങ്കരൻ, തോട്ടത്തിൽ ഹൗസ്, കണ്ണന്നൂർ, തൃത്താല എന്ന വ്യക്തിയ്ക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. എന്നാൽ ടിയാന്റെ ഫോട്ടോ അക്വിറ്റൻസിൽ പതിപ്പിച്ചിട്ടില്ല, മാത്രമവുമല്ല ടിയാന്റെ അപേക്ഷ പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. ആയത് കണ്ടെത്തി നിജസ്ഥിതി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

എഫ്) ശ്രീ. രജീഷ്, S/o. കുഞ്ഞൻ, ഒറുവിൽപ്പടി, എറവക്കാട് എന്നയാൾ 2015-16 വർഷം ധനസഹായം അനുവദിച്ചിട്ടുണ്ട്. ടിയാന്റെ ആധാരത്തിന്റെ പകർപ്പ് ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

6. <u>വിദേശത്ത് തൊഴിൽ നേടുന്നതിനുള്ള ധനസഹായ പദ്ധതി</u>

എ) 2015-16 സാമ്പത്തിക വർഷം ടി പദ്ധതി പ്രകാരം ശ്രീ. മണികണ്ഠൻ. കെ. പി, കിഴക്കേപ്പള്ളിയാലിൽ, മലമക്കാവ് എന്ന ഗുണഭോക്താവിന് ഒന്നാം ഗഡു 30,000/- രൂപയും രണ്ടാം ഗഡു 30,000/- രൂപയും ആകെ 60,000/- രൂപ അനുവദിച്ചു നൽകിയിരിക്കുന്നു. അതായത് 10,000/- രൂപ അധികമായി നൽകിയിരിക്കുന്നു. 31.12.2016 - ന് രണ്ടാം ഗഡുവായി 30,000/- രൂപ വിതരണം ചെയ്യുകയും 26.04.2017 - ന് ടിയാനെക്കൊണ്ട് 10,000/- രൂപ തിരിച്ചടപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ വിദേശത്ത് ജോലിയിൽ പ്രവേശിച്ചു എന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല എന്ന് കാണുന്നു. വിശദീകരണം നൽകേണ്ടതാണ്.

ബി) തൃത്താല ബ്ലോക്ക് പട്ടികജാതി വികസന ഓഫീസറുടെ ~~10???6???2016~~ 10/06/16 ലെ TLA 220/16 കത്ത് പ്രകാരം ശ്രീ. സുകേഷ്. പി.കെ, വെങ്കര, കോട്ടപ്പാടം. പി.ഒ എന്ന വ്യക്തിയുടെ അപേക്ഷ ശുപാർശ ചെയ്തു കൊണ്ട് മേലാഫീസിലേയ്ക്ക് അയച്ചിട്ടുള്ളതായി കാണുന്നു. അപേക്ഷകന് 19 വയസ് പ്രായം എന്ന് കവറിംഗ് ലെറ്ററിൽ പട്ടികജാതി വികസന ഓഫീസർ എഴുതി ഒപ്പു വച്ചിട്ടുണ്ട്. ജില്ലാ പട്ടികജാതി വികസന ഓഫീസിൽ നിന്നും കത്ത് നമ്പർ എൽ-11037/15 (6), തീയതി. 1.8.16 പ്രകാരം ആയത് നിരസിച്ച് തിരിച്ചയച്ചിട്ടുണ്ട്. വിദേശതൊഴിൽ

8. **ടോയ്‌ലറ്റ് നിർമ്മാണ ധനസഹായ പദ്ധതി**

എ) ടി പദ്ധതി പ്രകാരം 2015-16 വർഷം 175 ഗുണഭോക്താക്കൾക്കായി 23,12,500/- രൂപയും 2016-17 വർഷം 121 ഗുണഭോക്താക്കൾക്കായി 15,12,500/- രൂപയും ധനസഹായമായി വിതരണം ചെയ്തിട്ടുണ്ട്.

ബി) ഇനിയും പണി പൂർത്തീകരിക്കുവാനുള്ള ഗുണഭോക്താക്കളുടെ നിർമ്മാണ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതും പൂർത്തീകരിച്ചവരുടെ ധനവിനിയോഗ സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനറലിന് അയച്ച് കൊടുത്ത് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

9. **ചികിത്സാ ധനസഹായ പദ്ധതി**

എ) ടി പദ്ധതി പ്രകാരം 2015-16 വർഷം 628 ഗുണഭോക്താക്കൾക്ക് 11,71,000/- രൂപയും 2016-17 വർഷം 480 ഗുണഭോക്താക്കൾക്ക് 61,60,500/- രൂപയും വിതരണം ചെയ്തിട്ടുണ്ട്. 2017-18 വർഷം ചികിത്സാ ധനസഹായ വിതരണം നടത്തിയിട്ടില്ല. തുക വിതരണം നടത്തിയ 2015-16, 2016-17 വർഷങ്ങളിലെ ധനവിനിയോഗ സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനറലിന് അയച്ച് കൊടുത്ത് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

10. **അറ്റകുറ്റപ്പണി/അഡീഷണൽ റൂം ധനസഹായ പദ്ധതി**

എ) പദ്ധതിയുടെ 2014-15, 2015-16, 2016-17 വർഷങ്ങളിലെ പുരോഗതി റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

| വർഷം | ഭൗതികലക്ഷ്യം | അനുവദിച്ചത് | ഗഡുക്കൾ | |
|---|---|---|---|---|
| | | | ഒന്നാം ഗഡു | രണ്ടാം ഗഡു |
| 2014-15 | 63 | 60 | 60 | 60 |
| 2015-16 | 63 | 63 | 63 | 61 |
| 2016-17 | 72 | 72 | 72 | 29 |

ബി) 2015-16 വർഷം 63 ഗുണഭോക്താക്കൾക്ക് ഒന്നാം ഗഡു നൽകിയെങ്കിലും രണ്ടാം ഗഡു 61 പേർക്ക് മാത്രമാണ് നൽകിയിട്ടുള്ളത്. 2 പേർക്ക് രണ്ടാം ഗഡു നൽകി

## ഭാഗം IV

## I. മറ്റു രജിസ്റ്ററുകൾ

### 1) ഫർണീച്ചർ രജിസ്റ്റർ

എ) പരിശോധന കാലയളവിൽ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ ഒന്നും നടത്തിയിട്ടില്ല. നാളിതുവരെയുള്ള എല്ലാ ഫർണിച്ചറുകളും സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

ബി) Form 18 ലുള്ള രജിസ്റ്റർ പരിപാലിക്കുന്നതായി കാണുന്നില്ല. മേൽ പ്രകാരമുള്ള രജിസ്റ്റർ പരിപാലിക്കേണ്ടതും number received, number issued, balance തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതുമാണ്.

(Art 150 (b) of KFC Vol. I)

### 2) ഇൻകമ്പന്റ് രജിസ്റ്റർ

രജിസ്റ്ററിൽ പരിശോധനാ കാലയളവിലെ രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല. നാളിതുവരെയുള്ള എല്ലാ രേഖപ്പെടുത്തലുകളും നടത്തി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

### 3) ആഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ

എ) ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ പരിപാലിക്കുന്നത് എങ്കിലും പ്രസ്തുത ഫോമിലുള്ള രജിസ്റ്ററല്ല ഉപയോഗിക്കുന്നത്. Art 63 b of KFC Vol. I പ്രകാരം നിഷ്ക്കർഷിച്ചിട്ടുള്ള ഫോമിലുള്ള രജിസ്റ്റർ പരിപാലിക്കേണ്ടതും മേൽ ചട്ടപ്രകാരം രേഖപ്പെടുത്തലുകൾ നടത്തേണ്ടതുമാണ്.

### 4) ഡെസ്പാച്ച് കം സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്റർ

എ) രജിസ്റ്റർ പരിശോധിച്ചതിൽ 1.8.2017 - ൽ 250/- രൂപയുടെ സ്റ്റാമ്പ് അവശേഷിച്ചിട്ടുണ്ട്. ഭൗതിക പരിശോധനയിൽ ആയത് ശരിയാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.

ബി) പട്ടികജാതി വികസന ഓഫീസർ മാസത്തിൽ ഒരിക്കൽ മാത്രമാണ് രജിസ്റ്റർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി വരുന്നത്. എന്നാൽ രണ്ടാഴ്ചയിലൊരിക്കൽ ഭൗതിക പരിശോധന നടത്തി പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

ബി) ടിയാന്റെ ഹാഫ് പേ ലീവ് എടുത്തിട്ടുള്ളത് ആർജ്ജിതാവധി കണക്കാക്കുമ്പോൾ ആനുപാതികമായ കുറവ് വരുത്തിയതായി കാണുന്നില്ല. അപാകതകൾ പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

6) **സർവ്വീസ് ബുക്ക് രജിസ്റ്റർ**

എ) രജിസ്റ്റർ പരിപാലിച്ചു വരുന്നുണ്ട്. എന്നാൽ 2016-17 വർഷം മുതലുള്ള രേഖപ്പെടുത്തലുകൾ നടത്തി പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ന്യൂനത പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## ഭാഗം V

## പൊതു അഭിപ്രായം

ടി ആഫീസിലെ ഫയലുകളും രജിസ്റ്ററുകളും നിരുത്തരവാദപരമായി പരിപാലിച്ചു വരുന്നതായി കാണുന്നു. വിവിധ പദ്ധതികൾ സംബന്ധിക്കുന്ന ഫയലുകളും രജിസ്റ്ററുകളും സാമ്പത്തിക വർഷാടിസ്ഥാനത്തിൽ വേർതിരിച്ചു പരിപാലിക്കുന്നില്ല. വകുപ്പുതല/അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ടുകൾക്ക് യഥാസമയം മറുപടി നൽകി പരാമർശങ്ങൾ ഒഴിവാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നതായി കാണുന്നില്ല. ഓഫീസ് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

(ഒപ്പ്)
സീനിയർ ഫിനാൻസ് ഓഫീസർ